പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 3013

15.02.2013-ൽ മറുപടി
നൽകേണ്ടത്

# കോതമംഗലത്തെ ഫോറസ്റ്റ് റേഞ്ച് ഓഫീസ് സ്ഥലത്തിന്റെ വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കോതമംഗലത്ത് ഇപ്പോൾ സ്ഥിതി ചെയ്യുന്ന ഫോറസ്റ്റ് റേഞ്ച് ഓഫീസും അവിടെ പ്രവർത്തിക്കുന്ന തടി ഡിപ്പോയും ഇരിക്കുന്ന സ്ഥലം ഗവൺമെന്റ് റിക്കോർഡ് പ്രകാരം സെറ്റിൽമെന്റ് രേഖയിൽപ്പെട്ടതാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) കോതമംഗലത്ത് ഇപ്പോൾ സ്ഥിതി ചെയ്യുന്ന ഫോറസ്റ്റ് റേഞ്ച് ഓഫീസും അവിടെ പ്രവർത്തിക്കുന്ന തടി ഡിപ്പോയും സ്ഥിതി ചെയ്യുന്ന സ്ഥലം സെറ്റിൽമെന്റ് രേഖയിൽ ഉൾപ്പെട്ടതാണ്. വനം വകുപ്പിന്റെ കയ്യിലുണ്ടായിരുന്ന സ്ഥലം സംബന്ധിച്ച് സെറ്റിൽമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടു വരുന്ന വസ്തുക്കൾ പണ്ടാരവകപ്പാട്ടത്തിൽ ഉൾപ്പെട്ടു വരുന്ന നിലവും പുരയിടവും ആണ്. |
| (ബി) സർവ്വെ നമ്പർ 1016, 1017, 1018 എന്നീ നമ്പറുകളിൽപ്പെട്ട സ്ഥലം പതിവ് സ്ഥലമായിരുന്നോ; വിശദാംശം ലഭ്യമാക്കമോ ; | (ബി) സർവ്വേ നമ്പർ 1016, 1017, 1018 എന്നീ നമ്പറുകളിൽ ഉൾപ്പെട്ടു വരുന്ന സ്ഥലം ബി.റ്റി.ആർ പ്രകാരം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും റിമാർക്ക്സ് കോളത്തിൽ ഫോറസ്റ്റ് റെയിഞ്ചാഫീസ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (സി)ഇപ്പോൾ ഈ സ്ഥലം ബി.റ്റി. ആർ പ്രകാരം പുറമ്പോക്കാണോ എന്ന് വ്യക്തമാക്കുമോ ; | (സി) ഈ സ്ഥലം ബി.റ്റി. ആർ പ്രകാരം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും റിമാർക്ക്സ് കോളത്തിൽ ഫോറസ്റ്റ് റെയിഞ്ചാഫീസ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ഡി)ഈ സ്ഥലം റിസർവ്വ് ഫോറസ്റ്റായി ഡിക്ലയർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ഈ സ്ഥലം റിസർവ്വ് ഫോറസ്റ്റായി ഡിക്ലയർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ